**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5657** **03-11-2021 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് വ്യാപനം തടയാൻ സ്പെഷ്യൽ ഡ്രൈവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയാൻ സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്ത് ഊർജ്ജിതമായ റെയ്ഡും വ്യാപകമായ പരിശോധനയും എക്സൈസ് വകുപ്പ് നിരന്തരം നടത്തി വരുന്നു. കൂടാതെ, ഓണം, ക്രിസ്തുമസ്, പുതുവത്സരം, ഇലക്ഷൻ തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിച്ച് പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ലഹരി മരുന്നുകളുടെയും, വ്യാജമദ്യത്തിന്റെയും വ്യാപനം തടയുക; മദ്യം, മയക്കുമരുന്ന്, പാൻമസാല തുടങ്ങിയ വിപത്തുകളിൽ നിന്നും യുവതലമുറയെ സംരക്ഷിക്കുക; മയക്കുമരുന്ന്, സ്പിരിറ്റ് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്നവർ വീണ്ടും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നത് തടയുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഓണം, ക്രിസ്തുമസ്, പുതുവത്സരം തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ വ്യാജമദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയുടെ കടത്ത്, വില്പന, ഉപയോഗം എന്നിവ തടയുന്നതിനായി ജില്ലാ തലത്തിൽ എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കാറുണ്ട്. കൂടാതെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുവാൻ എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി എന്തെല്ലാം ബോധവൽക്കരണ | (ഡി) | സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിമുക്തി ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ |

| | | | |
|---|---|---|---|
| | പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ച "ഉണർവ്വ്" എന്ന പദ്ധതി മറ്റ് 13 ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും, കോളേജ് ഹോസ്റ്റലുകളിൽ ‘ശ്രദ്ധ’ എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ചു വരുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും, യുവാക്കളുടെ ശ്രദ്ധയും, കഴിവും, കർമ്മ ശേഷിയും മറ്റ് ക്രിയാത്മകമായ മേഖലകളിലേക്ക് വഴി തിരിച്ചു വിടുന്നതിനും ഉദ്ദേശിച്ച് വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ കലാകായിക മത്സരങ്ങൾ, സെമിനാറുകൾ, വെബിനാറുകൾ, പി.എസ്.സി. പഠന പരിശീലനങ്ങൾ, മാരത്തോണുകൾ, റാലികൾ എന്നിവ നടത്തി വരുന്നു. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും പരാതികളും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനും, ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്റർ എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി ഈ വർഷം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിമുക്തി മിഷൻ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും, രണ്ടു ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ